രക്ഷയുടെ പാതയിൽ-4



4

# ജീവന്റെ നീർച്ചാലുകൾ

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

പാഠം 9

# അനുരഞ്ജിതരായ് തീർന്നീടാം



നാം ചെയ്ത തെറ്റുകളെക്കുറിച്ച് നമുക്കുാകുന്ന ദുഃഖ മാണ് മനസ്താപം. സ്നേഹംതന്നെയായ ദൈവത്തെ പാപംവഴി വേദനിപ്പിച്ചതിൽ നമുക്കുാകുന്ന ആത്മാർത്ഥമായ ദുഃഖവും പാപത്തോടുള്ള വെറുപ്പുമാണ് പൂർണമനസ്താപം.



# പാപം 2 തരം:

## മാരകപാപവും ലഘുപാപവും

ലഘുവായ തരത്തിലാണ് നാം ദൈവകല്പന ലംഘിച്ചതെങ്കിൽ അതു ലഘുപാപമാണ്. അതുപോലെ ഗൗരവമുള്ള കാര്യത്തിൽ പൂർണ്ണമായ അറിവോ സമ്മതമോ കൂടാതെ പ്രവർത്തിക്കുന്നതും ലഘുപാപമാണ്. പൂർണ്ണമായ അറിവോടും സമ്മതത്തോടുംകൂടെ ഗൗരവമുള്ള രീതിയിൽ ദൈവപ്രമാണം ലംഘിച്ചാൽ അത് മാരകപാപമാണ്.

ലഘുപാപമാണെങ്കിലും മാരകപാപമാണെങ്കിലും നാം പാപമോചനം നേടണം. എല്ലാ പാപങ്ങളിൽനിന്നും മോചനം നേടുവാനുള്ള കൂദാശയാണ് അനുരഞ്ജനകൂദാശ. മാരകകമായ പാപങ്ങൾക്ക് അനുരഞ്ജനകൂദാശയിലൂടെ മാത്രമേ മോചനം ലഭിക്കുകയുള്ളു.

പാപം മോചിക്കുവാനുള്ള അധികാരം ഈശോ അപ്പസ്തോലന്മാർക്കു നൽകി.

നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും (യോഹ 20:23).





പൂർണ്ണമനസ്താപത്തോടെ നാം ദൈവത്തിന്റെ പക്കലേക്ക് തിരിച്ചുചെല്ലുവാൻ അവിടുന്ന് കാത്തിരിക്കുന്നു. നമ്മുടെ പാപങ്ങൾ മോചിച്ച് വീണ്ടും നമ്മെ സ്വീകരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു ദൈവത്തിന്റെ ഈ ക്ഷണമാണ് അവിടുത്തെ ഏകജാതനായ ഈശോയിലൂടെ അവിടുന്നു നൽകിയത്. അതിനായി ഈശോ നിരന്തരം നമ്മുടെ ഹൃദയത്തിന്റെ വാതിലിൽ മുട്ടുന്നു.

നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെവച്ച് ഓർത്താൽ കാഴ്ചവസ്തു അവിടെ ബലിപീഠത്തിനുമുമ്പിൽ വച്ചിട്ട് പോയി സഹോദരനോടു രമ്യപ്പെടുക; പിന്നെ വന്നു കാഴ്ചയർപ്പിക്കുക (മത്താ 5:2324).



തന്റെ തെറ്റുകളെ ഓർത്ത് അനുതപിച്ച് തന്റെ പിതാവിനോടു രമ്യപ്പെട്ട ധൂർത്തപുത്രനെപ്പോലെ നമുക്കും നമ്മുടെ തെറ്റുകൾ ഓർത്ത് അനുതപിച്ച് ദൈവത്തോടും സഹോദരരോടും അനുരഞ്ജനപ്പെട്ടു ജീവിക്കാം.



# നമുക്കു പാടാം



തിരുസന്നിധിയിങ്കൽ
പാപികളേവരെയും
മാടിവിളിച്ചവനാം
അനുതാപികളാമേവർക്കും
വാതിൽ തുറന്നുകൊടുത്തവനാം
കരുണാമയനാം കർത്താവേ
നിൻ സവിധേവന്നനവരതം
നിൻ സ്തുതികൾ ഞങ്ങൾ പാടട്ടെ

# നമുക്കു പ്രാർത്ഥിക്കാം

പാപികളെ സ്നേഹിക്കുന്ന കാരുണ്യവാനായ ഈശോയെ,
പാപമോചനം നൽകി ഞങ്ങളെ അനുഗ്രഹിക്കുകയും
പാപത്തിൽ വീഴാതിരിക്കുവാൻവേ
കൃപ നൽകി ഞങ്ങളെ ശക്തരാക്കുകയും ചെയ്യണമേ.

നമുക്കു ഭക്തിപൂർവ്വം

ദൈവവചനം വായിക്കാം

(ലൂക്കാ.15:11-24)



# ഓർമ്മിക്കാൻ ഒരു തിരുവചനം

'പിതാവേ, സ്വർഗ്ഗത്തിനെതിരായും നിന്റെ മുമ്പിലും ഞാൻ പാപം ചെയ്തു. നിന്റെ പുത്രൻ എന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല'

(ലൂക്കാ15:21).

# എന്റെ തീരുമാനം

ചെയ്തുപോയ തെറ്റുകളെ ഓർത്ത് ഞാൻ
പശ്ചാത്തപിക്കുകയും അനുരഞ്ജനകൂദാശ
സ്വീകരിക്കുകയും ചെയ്യും.



# നമുക്കു ആടാം പാടാം

പാപത്താലെന്നുള്ളം മലിനമാകുമ്പോൾ
ദൈവികജീവനിൽ നിന്നകലുന്നു
അനുരഞ്ജന കൂദാശ ഏകിയെൻ നാഥൻ
അകതാരിൽ പരിശുദ്ധി വിുമേകുന്നു

പാപത്താൽ ദൈവത്തെ വേദനിപ്പിച്ച
ദുഃഖത്താൽ നീറും മനസ്താപത്തോടെ
അനുരഞ്ജന കൂദാശ സ്വീകരിച്ചീടാം
പാപത്തിൻ വഴികളിൽ നിന്നകന്നീടാം

Thank you